**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2095 | 13.06.2019 ൽ മറുപടിക്ക്

**വളാഞ്ചേരി നഗരസഭയ്ക്ക് കുടുംബാരോഗ്യ കേന്ദ്രം**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ | | കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പമന്ത്രി) |
| (എ) | മലപ്പുറം ജില്ലയിലെ വളാഞ്ചേരി നഗരസഭയ്ക്ക് ദേശീയാരോഗ്യ മിഷൻ പദ്ധതി പ്രകാരം പുതിയ കുടുംബാരോഗ്യ കേന്ദ്രം അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ; നിലവിൽ വളാഞ്ചേരി നഗരസഭാപരിധിയിൽ ഹെൽത്ത് സെന്ററുകളുടെ അപര്യാപ്തത പ്രദേശവാസികൾക്കുണ്ടാക്കുന്നബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;എങ്കിൽ അക്കാര്യം പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ; | (എ) | 2018-19 സാമ്പത്തിക വർഷത്തേക്ക് വളാഞ്ചേരി നഗരസഭയിൽ പുതിയ നഗരാരോഗ്യ കേന്ദ്രം ആരംഭിക്കുന്നതിനായി പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും കേന്ദ്ര സർക്കാരിന്റെ ROP പ്രകാരം പുതിയ നഗരാരോഗ്യ കേന്ദ്രം അനുവദിച്ചിട്ടില്ല. |
| (ബി) | 2018-19 വർഷം നാഷണൽ ഹെൽത്ത് അർബൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തിയ വളാഞ്ചേരി നഗരസഭയിലെ കുടുംബാരോഗ്യ കേന്ദ്രത്തിന് കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭ്യമായിട്ടുണ്ടോ; | (ബി) | ഇല്ല. |
| (സി) | പുതിയ വർഷത്തെ പദ്ധതിയിൽ വളാഞ്ചേരി ആരോഗ്യ കേന്ദ്രത്തിന്റെ പ്രൊപ്പോസൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (സി) | 2019-20 സാമ്പത്തിക വർഷത്തെ പദ്ധതിയിൽ പുതിയ പ്രൊപ്പോസൽ നൽകിയിട്ടുണ്ട്. |
| (ഡി) | നിലവിൽ പുതിയ ആരോഗ്യകേന്ദ്രങ്ങൾ അനുവദിക്കുന്ന പ്രൊപ്പോസലിൽ കോട്ടയ്ക്കൽ മണ്ഡലത്തിൽ നിന്ന് ഏതെല്ലാം ഉൾപ്പെടുത്തിയിട്ടുണ്ട്; നിലവിലുള്ള പി.എച്ച്.സി. കളെ അപ്ഗ്രേഡ് ചെയ്യുന്ന പ്രൊപ്പോസലിൽ കോട്ടയ്ക്കൽ നിയോജകമണ്ഡലത്തിലെ ഏതെല്ലാം കേന്ദ്രങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട് വ്യക്തമാക്കുമോ? | (ഡി) | കോട്ടയ്ക്കൽ മണ്ഡലത്തിൽ നഗരാരോഗ്യ കേന്ദ്രം നിലവിലുണ്ട്. ആർദ്രം പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ കോട്ടയ്ക്കൽ നിയോജക മണ്ഡലത്തിലെ എടയൂർ, പൊന്മള, എന്നീ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തിയിട്ടുണ്ട്. ആർദ്രം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ കോട്ടയ്ക്കൽ , മാറാക്കര എന്നീ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തുന്നതിന് തെരഞ്ഞെടുത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ